**പതിനാലാം കേരളനിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4756 — 19.05.2017 ന് മറുപടിയ്ക്ക്.

**കൃഷിനാശത്തിനും മറ്റു നാശനഷ്ടങ്ങൾക്കും നഷ്ടപരിഹാരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വനങ്ങളോട് ചേർന്നുള്ള മനുഷ്യന്റെ ആവാസ സ്ഥലങ്ങളിലും കൃഷിസ്ഥലങ്ങളിലും വന്യമൃഗങ്ങളുടെ ആക്രമണത്തിന്റെ ഫലമായിട്ടുണ്ടാകുന്ന കൃഷിനാശത്തിനും മറ്റു നാശനഷ്ടങ്ങൾക്കും നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുവെന്നും പ്രസ്തുത ആനുകൂല്യങ്ങളുടെ ധനസഹായതുക ഏറ്റവും ഒടുവിൽ വർദ്ധിപ്പിച്ചത് ഏത് ഉത്തരവുപ്രകാരമാണെന്നും വ്യക്തമാക്കുമോ? | (എ) 1980-ലെ കേരളാ റൂൾസ് ഫോർ കോമ്പൻസേഷൻ ടു വിക്റ്റിംസ് ഓഫ് വൈൽഡ് ലൈഫ് അറ്റാക്ക് പ്രകാരം വന്യമൃഗ ആക്രമണം മൂലം നഷ്ടം സംഭവിക്കുന്നവർക്ക് നൽകി വരുന്ന നഷ്ടപരിഹാര തുക കാലാകാലങ്ങളിൽ സർക്കാർ പുതുക്കി വരുന്നുണ്ട്. ആയതു പ്രകാരം നിലവിലെ നഷ്ടപരിഹാര തുകയും ഏറ്റവും ഒടുവിൽ വർദ്ധിപ്പിച്ച ഉത്തരവിന്റെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. |

Latheesh

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നിലവിലെ നഷ്ടപരിഹാര തുക (രൂപ) | ഏറ്റവും ഒടുവിൽ തുക വർദ്ധിപ്പിച്ച ഉത്തരവിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| 1 | വന്യജീവി ആക്രമണം മൂലമുള്ള സ്ഥായിയായ അംഗഭംഗം | പരമാവധി 75,000/- രൂപ | സർക്കാർ ഉത്തരവ് (എം.എസ്) നം.32/2013/വനം തീയതി 22.03.2013. |
| 2 | വന്യജീവി ആക്രമണം മൂലം മനുഷ്യർക്കുണ്ടാകുന്ന പരിക്ക് | പരമാവധി 75,000/- രൂപ പട്ടിക വർഗ്ഗക്കാർക്ക് പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും നൽകും. (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) | |
| 3 | വന്യജീവി ആക്രമണം മൂലമുള്ള വീടുനഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 75,000/- രൂപ) | |
| 4 | വന്യജീവി ആക്രമണം മൂലമുള്ള വിളനാശം | നഷ്ടത്തിന്റെ 100% (പരമാവധി 75,000/- രൂപ) | സർക്കാർ ഉത്തരവ് (എം.എസ്) നം.02/2015/വനം തീയതി 08.01.2015. |
| 5 | വന്യജീവി ആക്രമണം മൂലമുള്ള മരണം | 5 ലക്ഷം രൂപ | സർക്കാർ ഉത്തരവ് (എം.എസ്) നം.96/2014/വനം തീയതി 17.11.2014. |
| 6 | വനത്തിനു പുറത്തു വച്ചുള്ള പാമ്പുകടി മൂലമുള്ള മരണം. | 1 ലക്ഷം രൂപ | |

സെക്ഷൻ ഓഫീസർ